• നിരീക്ഷണം/നിലപാട്

# ഈ ഡോക്ടർമാരെ സാമൂഹ്യമായി ശിക്ഷിക്കേണ്ടതുണ്ട്

(കഴിഞ്ഞലക്കം തുടർച്ച)

ഡോക്ടർമാരുടെ തൊഴിൽസംബന്ധമായ
പെരുമാറ്റരീതി, മര്യാദ, ധാർമ്മികത
എന്നിവ സംബന്ധിച്ച

## മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ

No. MCI-211(2)/2001/Registration

പരിഭാഷ : അഞ്ജലി

1.4.2. ചികിത്സകൻ തന്റെ പേരിന് അനുബന്ധമായി തൊഴിൽപരമായ തന്റെ അറിവും ഉന്നത നേട്ടങ്ങളും വെളിപ്പെടുത്തുന്ന അംഗീകൃത ഡിഗ്രികൾ, സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ തുടങ്ങിയവ മാത്രമേ ചേർക്കാൻ പാടുള്ളൂ.

1.5. മരുന്നുകളുടെ സാമാന്യമായ പേരുകൾ ഉപയോഗിക്കൽ.

ഓരോ ചികിത്സകനും മരുന്നുകൾ നിർദ്ദേശിയ്ക്കുമ്പോൾ അവയുടെ സാമാന്യമായ പേരുകൾ ഉപയോഗിക്കണം. മരുന്നുകൾ യുക്തിപൂർവ്വമാണ് നിർദ്ദേശിക്കപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും എന്ന് ഉറപ്പുവരുത്തുകയും വേണം.

1.6. രോഗിയെ പരിചരിക്കുന്നതിലെ ഉന്നത നിലവാരം ഉറപ്പുവരുത്തൽ.

ഓരോ ചികിത്സകനും തന്റെ തൊഴിൽ രംഗത്ത് ധാർമ്മികമായും വിദ്യാഭ്യാസപരമായും കുറഞ്ഞ നിലവാരമുള്ളവർ കടന്നുവരാതെ ശ്രദ്ധിയ്ക്കേണ്ടതാണ്. തന്റെ കൂടെ ജോലി ചെയ്യുന്നതിന് നിലവിലുള്ള മെഡിക്കൽ നിയമങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്യാത്തവരെയും നിയമിയ്ക്കാൻ പാടുള്ളതല്ല. മാത്രമല്ല ഇത്തരക്കാരെ രോഗികളെ പരിശോധിയ്ക്കുന്നതിനും പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുള്ള ശസ്ത്രക്രിയകൾ നടത്തുന്നതിനും മറ്റും അനുവദിയ്ക്കാൻ പാടുള്ളതല്ല.

1.7. ഒരു ചികിത്സകൻ ഭയമോ പക്ഷപാതമോ കൂടാതെ തന്റെ മേഖലയിൽ ജോലി ചെയ്യുന്നവരുടെ യോഗ്യതയില്ലാത്തതും അഴിമതി പൂർണ്ണവും, സത്യസന്ധതയില്ലാത്തതും തൊഴിലിന്റെ മാന്യതക്ക് നിരക്കാത്തതുമായ പ്രവൃത്തികളെ തുറന്നു കാട്ടണം.

1.8. ചെയ്യുന്ന ജോലിയ്ക്കുള്ള പ്രതിഫലം.

വൈദ്യവൃത്തിയിൽ ഏർപ്പെടുന്ന ഒരാൾ മുൻഗണന നൽകേണ്ടത് രോഗികളുടെ താല്പര്യങ്ങൾക്കാണ്. ഒരു ചികിത്സകന്റെ വ്യക്തിപരമോ സാമ്പത്തികമോ ആയ താല്പര്യങ്ങൾ രോഗിയുടെ ചികിത്സയ്ക്കുവേണ്ടിയുള്ള ആഗ്രഹവുമായി ഇടയുവാൻ പാടുള്ളതല്ല. ചികിത്സകൻ തന്റെ സേവനത്തിനുള്ള പ്രതിഫലം എന്താണെന്ന് രോഗിയെ നേരത്തെ തന്നെ അറിയിയ്ക്കണം. ചികിത്സയോ ശസ്ത്രക്രിയയോ തുടങ്ങിയശേഷമാവരുത്. കൈപ്പറ്റുന്ന പ്രതിഫലം നേരത്തെ രോഗിയെ അറിയിച്ചതുപോലെ തന്നെയാകണം. ഗവൺമെന്റിനുവേണ്ടി ജോലി ചെയ്യുന്ന ഡോക്ടർമാർ മറ്റു രീതിയിലുള്ള പ്രതിഫലങ്ങൾ കൈപ്പറ്റുകയോ പ്രതീക്ഷിയ്ക്കുകയോ ചെയ്യരുത്.

1.9. നിയമാനുസൃത നിയന്ത്രണങ്ങളിൽനിന്നുള്ള ഒഴിഞ്ഞുമാറൽ. രാജ്യത്ത് നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായി തന്റെ ജോലിയെ ഒരു ചികിത്സകൻ സ്വയം ക്രമീകരിയ്ക്കേണ്ടതുണ്ട്. മാത്രമല്ല, അത്തരം നിയമങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ മറ്റുള്ളവരെ സഹായിയ്ക്കുകയും ചെയ്യരുത്. പൊതുജനാരോഗ്യ സംരക്ഷണസംബന്ധമായ നിയമങ്ങളുമായി സഹകരിയ്ക്കണം. സംസ്ഥാന നിയമങ്ങളായ, 1940-ലെ മരുന്നുകളെയും സൗന്ദര്യവർദ്ധക വസ്തുക്കളെ സംബന്ധിച്ച നിയമം, 1948-ലെ ഫാർമസി നിയമം, 1985-ലെ മയക്കുമരുന്നുകളെ സംബന്ധിച്ച നിയമം, 1971-ലെ ഗർഭഛിദ്ര സംബന്ധമായ നിയമം, 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ സംബന്ധിച്ച നിയമം 1987 ലെ മാനസികാരോഗ്യ നിയമം, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, 1994-ലെ ഗർഭസ്ഥശിശുക്കളുടെ ലിംഗനിർണ്ണയം സംബന്ധിച്ച നിയമം തുടങ്ങിയ നിയമങ്ങളും പൊതുജനാരോഗ്യ പരിരക്ഷക്കായി സംസ്ഥാന ഗവൺമെന്റും തദ്ദേശ ഭരണസ്ഥാപനങ്ങളും നിർമ്മിയ്ക്കുന്ന മറ്റു നിയമങ്ങളും അംഗീകരിച്ചു വേണം ഓരോ ചികിത്സകനും തന്റെ പ്രവൃത്തി ചെയ്യുവാൻ.

**അദ്ധ്യായം - 2**

2. ചികിത്സകർക്ക് രോഗികളോടുള്ള ചുമതലകൾ

2.1. രോഗികളോടുള്ള ബാദ്ധ്യത

ഒരു ചികിത്സകൻ തന്റെ സേവനം ആവശ്യപ്പെടുന്ന എല്ലാവരേയും ശുശ്രൂഷിക്കുമെന്ന് നിർബ്ബന്ധമില്ലെങ്കിലും അയാൾ എപ്പോഴും രോഗികളുടേയും മുറിവേറ്റവരുടേയും ആവശ്യങ്ങളോട് പ്രതികരിയ്ക്കാൻ തയ്യാറായിരിയ്ക്കണം. മാത്രമല്ല തന്റെ ദൗത്യത്തിന്റെ മഹത്വവും ഉത്തരവാദിത്വവും ആണ് തന്റെ കാര്യനിർവ്വഹണത്തിലൂടെ നിറവേറ്റപ്പെടുന്നത് എന്ന് ഓർമ്മയുണ്ടായിരിയ്ക്കുകയും വേണം.

തന്റെ പരിചരണത്തിൽ ഇരിയ്ക്കുന്ന രോഗികളുടെ

ജീവനും ആരോഗ്യവും തന്റെ വൈദഗ്ദ്ധ്യത്തേയും ശ്രദ്ധയേയും ആശ്രയിച്ചാണിരിക്കുന്നത് എന്ന് ഒരിയ്ക്കലും മറക്കരുത്. രോഗികൾക്ക് ആശ്വാസം പകരുവാൻ അവരെ യഥാസമയം സന്ദർശിയ്ക്കുവാൻ സമയം കണ്ടെത്തേണ്ടതാണ്. ഒരു ചികിത്സകന്റെ സേവനം ആവശ്യപ്പെടാൻ നിർദ്ദേശിയ്ക്കുന്നതിൽ തെറ്റില്ലെങ്കിലും അടിയന്തിര സന്ദർഭങ്ങളിൽ അയാൾ രോഗിയെ ശുശ്രൂഷിയ്ക്കേണ്ടതാണ്. ഒരു ചികിത്സകനും രോഗിയ്ക്ക് ചികിത്സ നിഷേധിയ്ക്കുവാൻ പാടുള്ളതല്ല. എങ്കിലും ചില സന്ദർഭങ്ങളിൽ, ഒരു രോഗിയുടെ അസുഖം തന്റെ പരിചയ പരിധിയ്ക്കു പുറത്താണെങ്കിൽ, ചികിത്സിക്കാതെ രോഗിയെ മറ്റൊരു ചികിത്സകന്റെ പരിഗണനയ്ക്ക് വിടാവുന്നതാണ്.

2.1.2. ഒരു ചികിത്സകന് രോഗിയ്ക്ക് ഹാനികരമായേക്കാവുന്നതോ തന്റെ പ്രവൃത്തി രോഗിയെ പ്രതികൂലമായി ബാധിയ്ക്കാനിടയുള്ളതോ ആയ രീതിയിൽ എന്തെങ്കിലും വൈകല്യം ഉണ്ടെങ്കിൽ അയാളെ ഈ രംഗത്ത് പ്രവർത്തിക്കുവാൻ അനുവദിയ്ക്കുന്നതല്ല.

2.2. ക്ഷമയും സൗമ്യതയും രഹസ്യാത്മകതയും

ക്ഷമതയും സൗമ്യതയും ഒരു ചികിത്സകന്റെ സ്വഭാവവിശേഷങ്ങളായിരിയ്ക്കണം. രോഗികളുടെ വ്യക്തിപരമോ കുടുംബപരമോ ആയ രഹസ്യങ്ങളോ ചികിത്സക്കിടയിൽ കണ്ടെത്തിയ എന്തെങ്കിലും വൈകല്യങ്ങളോ ഒരു ചികിത്സകൻ ഒരിയ്ക്കലും വെളിപ്പെടുത്തുവാൻ പാടുള്ളതല്ല-അത്തരം വെളിപ്പെടുത്തൽ നിയമപരമായി നിർബ്ബന്ധമുള്ളതല്ലെങ്കിൽ-എങ്കിലും ചിലപ്പോൾ ഒരു ചികിത്സകൻ എന്ന നിലയിൽ തനിയ്ക്കു ലഭിച്ച അറിവിനെ, ആരോഗ്യവാനായ ഒരാൾക്ക് ഒരു പകർച്ചവ്യാധി പിടിപെടുന്നത് തടയുവാൻ വേണ്ടി വെളിപ്പെടുത്തണമോ വേണ്ടയോ എന്ന് സമൂഹത്തോടുള്ള തന്റെ കടമയെ മുൻനിർത്തി തീരുമാനമെടുക്കേണ്ടതായി വരും. ഇത്തരം സന്ദർഭങ്ങളിൽ ഒരു ചികിത്സകന് തന്റെ കുടുംബത്തോട് മറ്റൊരു ചികിത്സകൻ ഈ അവസ്ഥയിൽ എപ്രകാരം പെരുമാറണമെന്ന് താൻ ആഗ്രഹിക്കുന്നുവോ അതനുസരിച്ച് തീരുമാനം എടുക്കാവുന്നതാണ്.

2.3. രോഗവിവരം വെളിപ്പെടുത്തൽ

ഒരു ചികിത്സകൻ തന്റെ രോഗിയുടെ അവസ്ഥയുടെ ഗൗരവം പെരുപ്പിച്ച് കാണിയ്ക്കുകയോ ലഘൂകരിക്കുകയോ ചെയ്യരുത്. ചികിത്സകൻ രോഗിയുടെ അവസ്ഥയെപ്പറ്റിയുള്ള ശരിയായ അറിവ് രോഗിക്കും ബന്ധുക്കൾക്കോ അടുത്ത സുഹൃത്തുക്കൾക്കുമോ അറിയാം എന്ന് ഉറപ്പുവരുത്തണം.

2.4. രോഗി അവഗണിയ്ക്കപ്പെടരുത്

ഒരു ചികിത്സകന് ആരെ ചികിത്സിയ്ക്കണം എന്ന് തീരുമാനിയ്ക്കുവാനുള്ള അവകാശം ഉണ്ട്. പക്ഷെ ഒരത്യാവശ്യഘട്ടത്തിൽ ഏത് രോഗിയുടെ ആവശ്യവും ചികിത്സകൻ നിർബന്ധമായും നിറവേറ്റണം. ഒരു രോഗിയുടെ ചികിത്സ ഏറ്റെടുത്തു കഴിഞ്ഞാൽ രോഗിയെ അവഗണിയ്ക്കാനോ രോഗിയ്ക്കും കുടുംബത്തിനും മുൻകൂർ വിവരം നൽകാതെ ചികിത്സാ ചുമതലയിൽ നിന്നും പൻമാറാനോ പാടില്ല. ചികിത്സകൻ, തന്റെ മനപൂർവ്വമായ അവഗണനമൂലം ഒരു രോഗിയ്ക്ക് ആവശ്യമായ വൈദ്യസഹായം ലഭിയ്ക്കാതിരിക്കാൻ ഒരിയ്ക്കലും ഇടവരുത്തരുത്.

2.5. ഒരു രോഗിയുടെ പ്രസവ സംബന്ധമായ ചികിത്സയിൽ ഏർപ്പെട്ടിരിയ്ക്കന്ന ചികിത്സകൻ രോഗിയെ പരിശോധിയ്ക്കാൻ എത്താതിരിയ്ക്കുകയും മറ്റൊരു ചികിത്സകൻ രോഗിയുടെ പ്രസവം കൈകാര്യം ചെയ്യുകയും ചെയ്താൽ പ്രതിഫലം രോഗിയെ പരിചരിച്ച ചികിത്സകന് അർഹതപ്പെട്ടതായിരിയ്ക്കും.

കവിത

# വികസന കടന്നുകയറ്റം

രമൺ അമാൻസ്യ

സ്വതന്ത്ര വിവർത്തനം : കാര്യാടൻ

ചിത്രീകരണം : രാജൻ സി.എസ്.



പീരങ്കി കുഴലുകൾ നിശ്ശബ്ദമായിരിക്കുന്നു.
ഉണ്ടകളുതിർത്തും
പേടി വിതച്ചും
മരണം വിതറിയും
യജമാനന്മാരോടുള്ള കടമ,
അവ നിറവേറ്റിക്കഴിഞ്ഞു.
യുദ്ധപടുക്കൾ അവരുടെ ജോലി
ചെയ്യുന്നുവെന്ന് മാത്രം!
രക്ഷപ്പെടാൻ ശ്രമിക്കുന്ന കുറ്റവാളികളെ
പിന്തുടർന്ന്-
നഷ്ടപ്പെടുന്ന ജീവനുകളെയോർത്ത്
വേവലാതിയേതുമില്ലാതെ-
കല്പനകൾ ശിരസാവഹിച്ച്
മൂഢസുരക്ഷിതത്വത്തിന്റെ പേരിൽ,
കുരുടന്മാരെപ്പോലെ.

ആ ദേശം ചെയ്യപ്പെട്ടവർ
കന്നാലിക്കൂട്ടങ്ങളെപ്പോലെ
പൂർവ്വ പിതാക്കളുടെ സുരക്ഷിത സങ്കേതങ്ങളിൽ നിന്നും
ആട്ടിയോടിക്കപ്പെടുന്നു.
പുരോഗതിയുടെ സുവർണ്ണ സ്വപ്നങ്ങൾ
വാഗ്ദാനം ചെയ്ത്
ഏറ്റെടുക്കലുകളിലൂടെ,
വെട്ടിപ്പിടിക്കലിലൂടെ,
വ്യവസായ പ്രമുഖർ
ഉയരങ്ങളിലേക്ക്
രാഷ്ട്രീയക്കാരുടെ വാഗ്ധോരണി,
കാറ്റിൽ കുമിളകളെപ്പോലെ
ആർത്തിയിലധിഷ്ഠിതമായി
രാഷ്ട്രത്തിന്റെ
നിഗൂഢ ഖനികളെ കണ്ടെത്തിയും
ചടുല പുരോഗതി!
വികസന കടന്നുകയറ്റം!